# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1077** **04.02.2019 ൽ മറുപടിക്ക്**

## ഫയലുകൾ സെക്രട്ടേറിയറ്റിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രൈസ് (PRICE) സോഫ്റ്റ് വെയർ മുഖേന ഫയലുകൾ സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുന്ന അവസരത്തിൽ ഇ-ഓഫീസ് സംവിധാനവുമായി ചേരാത്തതിനാൽ നിരവധി പേജുകൾ ഉള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ പ്രിന്റ് ചെയ്ത് അയക്കേണ്ടി വരുന്നതിന്റെ ബുദ്ധിമുട്ടും അമിതചെലവും കാലതാമസവും പരിഹരിക്കാൻ ഫയൽ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ; | (എ) പൊതുമരാമത്ത് വകുപ്പിൽ ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. ഭരണാനുമതി ലഭ്യമായാൽ ഏകദേശം മൂന്നുമാസത്തിനുള്ളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്താൻ കഴിയുന്നതാണ്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്ന മുറയ്ക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ നിന്ന് ഇ-ഓഫീസ് വഴി നേരിട്ട് സെക്രട്ടേറിയറ്റിലേക്ക് ഓൺലൈനായി അയക്കുന്നതിനു സാധിക്കും. |
| (ബി) പ്രൈസിൽ തയ്യാറാക്കപ്പെട്ട വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി ഇ-ഓഫീസ് സംവിധാനത്തിലേതു പോലെ ഒരു തിരച്ചിൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) പ്രൈസ് സോഫ്റ്റ് വെയറിൽ നിലവിലെ തിരച്ചിൽ സംവിധാനം ഉപയോഗിച്ച് എസ്റ്റിമേറ്റിന്റെ സ്ഥിതി മാത്രമേ അറിയാൻ കഴിയുകയുള്ളൂ. പ്രൈസ് സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം പൂർണ്ണമായി നടപ്പിൽ വരുമ്പോൾ പ്രവൃത്തികളുടെ തൽസ്ഥിതി അറിയുന്നതിനുള്ള ഒരു തിരച്ചിൽ സംവിധാനം ഉൾപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**